ചിറവ്വർ സ്വരൂപം

കുറിപ്പ്. (ചിറവ്വർ സ്വരൂപത്തിന്റെ പ്രതാപൈശ്വര്യങ്ങൾ 'ലോകർ', മാമാങ്കോത്സവത്തിന് മകത്തുന്നാൾ, ചിറവ്വർ സ്വരൂപവും സാമൂതിരിപ്പാട്ടും കൂടെ 'നിലയാട' നിന്നരുളുമ്പോൾ 'നിഴൽ'കൂടിയിരുന്ന് ചൊല്ലുന്നതാവിത്.)

"ചിറവ്വർ സ്വരൂപമായി ഇരുന്നരുളുന്ന നമ്മുടെ തമ്പുരാന, സ്വരൂപമൂലമായിരിക്കുന്ന പെരുവനത്ത ക്ഷേത്രവും പന്നിയൂര ക്ഷേത്രവുംതന്നെയെല്ലോ ആകുന്നത, നമ്മുടെ തമ്പുരാന്റെ കോയ്മസ്ഥാനം. സത്ത്യം മുമ്പിൽ നടത്തി കോയ്മചെയ്തു രക്ഷിക്കവാൻ തക്കവണ്ണം തിരുവലക്കയ്യൂർ*ശാസ്താവ് നായനാര ആയിട്ടും, പരദേവത ആയിട്ട ഭഗവതിയും, ശാസ്താവും, തന്നെ ആകുന്നത. നമ്മുടെ തമ്പുരാന്റെ കല്പനക്ക പഞ്ചവും, പടിയും, പട്ടിണിയും, പടയും, ഭണ്ഡാരവും, ഉള്ളോര പെരുകിയ തമ്പുരാനത്രേ നമ്മുടെ തമ്പുരാനാകുന്നത. കമ്പും, തോട്ടിയും, എടുക്കമ്പൊഴും, പഞ്ചം, വില്ലും, ശരവും എടുക്കമ്പൊഴും, പട എന്ന ലേകര ആചാരം ചെയ്തു ബലം ചെയ്തു പോന്നിയായം. പെണ്ണും പിള്ളയും പശുവും ബ്രാഹ്മണരെയും, പുല്ലും, പുരയും, ക്ഷേത്രമുക്കാൽവട്ടവും, തളിയും, സങ്കേതവും, രക്ഷിച്ചു, നമ്മുടെ തമ്പുരാന്റെ കോയ്മ അവകാശമായിട്ട പണ്ടാരമുതലുകള, വഴി, പിഴ, അന്തരാളം, അങ്കം, ചുങ്കം, ഏഴ, കോഴ, കപ്പന, പെരാംപറ, അൻമുല, മുൻമുല, ചില്ലി, ചെങ്കൊമ്പ, കൊമ്പും, കുറവും, കൊലയും, തലയും, കിണററിൽ പന്നിയും, കുളത്തിൽ കണ്ണനും, പുലയാട്ടു സാധനം, വാളും, വാലും, കോയ്മ അവകാശമായിട്ടുള്ള മുതലുകള മുമ്പിലുള്ള ലോകര അനുഭവിച്ചു പോന്നിയായം. (പോന്നുഞായം)

* തിരുവെള്ളക്കാവ് * ചെറ്റിൽ ഭഗവതി.

ലോകര നിഴല ഇരുന്നാൽ തുളുനാട്ടിന്നും മലനാട്ടിന്നും ക്ഷേത്രത്തികലേക്ക ആശാനായ മാങ്കിഴ പണിക്കരും നമ്മുടെ തമ്പുരാന്റെ അധികാരികളും പോക്കുവാര അച്ചന്മാരും നിഴൽ തലക്കൽ വന്നാൽ തിരുമനസ്സ അറിയിച്ചു പോന്നിയായം.

ചിറവ്വർ സ്വരൂപമായി ഇരുന്നരുളുന്ന നമ്മുടെ തമ്പുരാൻ സ്വരൂപമൂലമായിരിക്കുന്ന പന്നിയൂര ക്ഷേത്രവും പെരുവനത്ത ക്ഷേത്രവും തന്നെ സ്വരൂപമൂലമായിരിക്കുന്നത മൂന്ന മുപ്പത്താറായിരക്കലം ദേവസ്വവും, മൂന്ന മുപ്പത്താറായിരക്കലം ബ്രഹ്മസ്വവും, കാന, മലപ്പുറം മുപ്പത്താറ കാതവും, ഏട്ടോർപട്ടിക്കാട്ട മലപ്പുറം മുപ്പത്താറ കാതവും, അറുപതിനായിരം നായക്കും, അറുനൂറതണ്ടുള്ളവർ പ്രഭുക്കന്മാക്കും, മുപ്പതിനായിരത്തിന്നും പതിനായിരത്തിന്നും, പയിനാട്ടുകാര ലോകക്കും, മ (ല) നാട്ടിൽ പെരുകിയ കുന്നലക്കോനാതിരി തമ്പുരാന്റെ സ്വരൂപത്തിങ്കലേ(ക്കും), മൂലമായിരുന്നരുളുന്ന തമ്പുരാനത്രെ നമ്മുടെ തമ്പുരാനാകുന്നത

പന്നിയൂർ, ചോവ്വരം പടക്കശരം എയ്യുവാൻ മലനാട്ടിൽ പെരുകിയ കുന്നലക്കോനാതിരി തമ്പുരാന, പന്നിയൂർ വാതിൽ മാടത്തിന്ന നമ്മുടെ തമ്പുരാൻ തൃക്കയ്യുകൊണ്ട കൊള്ളിയും കോടാലിയും കൊടുത്ത പടച്ചിലവിന കിഴ്ഴ്ര (മേനോക്കിയും) അധികാരിയായിട്ട മങ്ങാട്ടച്ചനേയും കല്പിച്ചു ഇരുന്നരുളുന്ന തമ്പുരാനത്രെ നമ്മുടെ തമ്പുരാൻ ആകുന്നത. ചാരോക്കൂറും, പുതുക്കോട്ടക്കൂറും, സമമത്രെ നമ്മുടെ തമ്പുരാനാകുന്നത

മാമാങ്കവേലക്ക പന്നിയൂരത്തേവരെ എഴുന്നളിച്ചുനിന്ന അരുളി നിലയാടത്തറമേൽ നമ്മുടെ തമ്പുരാൻ എഴുന്നള്ളി മാമാങ്കം വേല

ക്ക എറക്കുറവ കൂടാതെ കഴിച്ച എഴുന്നരുള്ളുന്നത തമ്പുരാനത്രെ ആകുന്നത. കുന്നലക്കോനാതിരി തമ്പുരാന നമ്മുടെ തമ്പുരാനായിട്ട ചെല്ലുന്നെരു സ്ഥാനം എത്രെ ആകുന്നത.

ചാരോക്കൂററിൽ വട(മ)ലക്കൂററുകാര ഇരുപത്തയ്യായിരത്തിന്നും പരദേവതയായിട്ട ചേപ്പിൽ ഭഗവതിയും തല കൎത്താവായിട്ട ചിററൂർ സ്വരൂപത്തുങ്കൽനിന്നും കൊടകൎത്താവായിട്ട കൊടശേരി കൎത്താവിന്നും, ചിററൂർ സ്വരൂപത്തിങ്കലെ കല്ലനേയും, കോടശേരി സ്വരൂപത്തിങ്കലെ കൊട വേലയും അങ്ങനെ കിഴമരിയാദ. ചേപ്പിൽ പിഷാരിക്കൽ എത്തായാൽ വടമലക്കൂററിലേക്ക ക്ഷത്രിയരാജാവിയിട്ട അ(മ)രും തെക്കും കോവിൽ തിരുമുൽപാട്ടീന്ന; ആ സ്ഥാനംതന്നെ പടിഞ്ഞാറേറടത്ത സ്വരൂപത്തുങ്കലേക്ക ആകുന്നത...............”

കേരളത്തിൽ ചിററൂർ സ്വരൂപത്തിന്നുണ്ടായിരുന്ന സ്ഥാനം.

കുറിപ്പ് (ചിററൂർ മനക്കൽ പണ്ട നടന്നിട്ടുള്ള ചില അടിയന്തരങ്ങളുടേയും മററും വിവരണങ്ങൾ താഴെ ചേക്കുന്നു. ഇവയിൽനിന്നും പണ്ട് കാലത്ത് ആ സ്വരൂപത്തിന്ന് കേരളത്തിൽ ഉണ്ടായിരുന്ന നിലയും വിലയും അനുമാനിക്കാവുന്നതാണ്. പ്രസ്തുതവിവരണങ്ങളിൽ ‘അച്ഛൻ തമ്പുരാൻ’ എന്നു പറയുന്നത് മൂത്ത തിരുമേനിയേയും, ‘അപ്ഫൻതമ്പുരാൻ’ എന്നു പറയുന്നത് എളയ തിരുമേനിയേയും ഉദ്ദേശിച്ചാണ്.)

1. ഉണ്ണിത്തമ്പുരാൻ പിറന്നത.

“കൊല്ലം 916-ാമത..........ഉണ്ണിത്തമ്പുരാൻ ഉണ്ടായി. അന്നത്തെ മരിയാദകൾ. അവണാസ്വരൂപത്തുങ്കലേക്കും, നെടിയിരിപ്പിൽ സ്വരൂപത്തിങ്കലേക്കും മുമ്പിൽ എഴുതി അയക്കണം. പിന്നെ പന്നിയൂർക്കൂററിൽ എല്ലാവടത്തേക്കും, ചൊവ്വരക്കൂററിൽ ബന്ധുവായിട്ടുള്ള മാടമ്പികൾക്കും പെരുമ്പടപ്പിൽ സ്വരൂപത്തിങ്കലേക്കും പാലിയത്ത അച്ചനും, വടക്കുംചേരി പണിക്കക്കും എഴുതി അയക്കണം.............പത്താംദിവസം കുളിച്ച എഴുന്നള്ളുമ്പോൾ കരുത്തി നായര കുളിച്ചുവന്ന, കോടി ഉടുത്ത, തലയിൽ കോടികൊണ്ട കെട്ടി, കെഴക്കിനിയിൽ പീംക്കാലിട്ട അണിഞ്ഞ, നാരായപറവച്ച, ഭദ്രദീപവും വെള്ളരിയുംവച്ച അതിൻെറ മുമ്പിൽ ഇരിക്കുന്നേടത്ത, തമ്പുരാട്ടി ഉണ്ണിതമ്പുരാനെ മടിയിൽ കിടത്തിയേച്ച നീരാട്ട കുളിക്ക എഴുന്നള്ളുമ്പോൾ കരുമത്തിൽ അമ്മ തൃക്കൈ പിടിക്കണം.”

2. തൃത്താലി ചാൎത്ത്.

“കൊല്ലം 919-ാമത മകരഞായർ 18-ാംനു- കുംഭംരാശികൊണ്ട തൃത്താലി ചാൎത്തിയ മരിയാതികൾ. തൃത്താലിചാൎത്തുവാൻ എഴുന്നള്ളുമ്പോൾ ഐനി ഊണ അമൃതേത്ത കഴിഞ്ഞ താമിരികോവിലകത്തുനിന്ന മോതിരമിട്ട വടക്കിനിയിലെ ക്രിയ കഴിഞ്ഞ പുറപ്പെടുമ്പോൾ കരുമത്തിൽ അമ്മയും, ആറു വീട്ടുകാരിൽ നെടുമംഗല്യമുള്ളവരും, കരുമത്തിൽ അമ്മ പാനക്കുടം എടുത്ത, ശേഷം ആറു വീട്ടുകാരും അഷ്ടമംഗല്യത്തോടുകൂടി പടിക്കെ അകായിൽനിന്ന എതിരേല്ക്കയും വേണം ....അന്തോളം എടുപ്പാൻ പള്ളിച്ചാന്മാര, നാലര എണ്മര....തൃത്താലി ചാൎത്തി ഇങ്ങോട്ട എഴുന്നെള്ളുമ്പോൾ വാദ്യങ്ങളും നടവെടിയും, പ്രഭുക്കന്മാര അകമ്പടിയും, അതിൽ കോടശ്ശേരി കയ്മള കൊട പിടിപ്പിച്ച, അതിന്നു വഴിയെ ചൊവ്വര ചാത്തരും.......താമര ചാത്തരും ....നെന്മിനിച്ചേരി ചാത്തരും, ഇങ്ങിനെ എഴുന്നള്ളണം.”

3. അഫൻതമ്പുരാൻെറ നിയ്യാണം.

“നാടുഎളമയായ അഫൻതമ്പുരാൻ കൊല്ലം 929-ാമത........പൂരംനാളുംകൂടിയ ദിവസം തിങ്കളാഴ്ച, ഉച്ചതിരിഞ്ഞ ആറടിയും എട്ടുവിരലും കൂടിയ നേരത്ത മിഥുനം രാശികൊണ്ട മുടിഞ്ഞരുളുകയും ചെയ്തു.........നാട്ടുവാലായ്മ മൂപ്പീന്ന മുടിഞ്ഞരുളിയാൽപോലെതന്നെ ആകുന്നു......922-ാമത മകരമാസം 18-ാംനു-

അഛൻതമ്പുരാന്റെ തിരുമാസം............താമരിപ്പാട്ടീന്ന കൊടുത്തയച്ചത നാല്ല പണക്കാരൻ പപ്പടം 26,000; പത്തു പണക്കാരൻ 3000; ഇരുപതു പണക്കാരൻ1000. പെരുമ്പടപ്പിൽ സ്വരൂപത്തുങ്കൽനിന്ന പഞ്ചസാര തുലാം 5. അത്താഴഊട്ടിന്ന അരി പറ 80. മാസത്തിന്ന അരി പറ 200."

4. അച്ഛൻതമ്പുരാൻെറ നിര്യാണം.

കൊല്ലം 931-ാമത മകരഞായർ 27-ാംനു പന്നിയൂർ വരാഹമൂർത്തിയുടെ പ്രതിഷ്ഠക്ക തമ്പുരാൻ എഴുന്നള്ളി. മീനംഞായറുകൊണ്ട തമ്പുരാന ചൊവ്വല്ലായ്മ തുടങ്ങി. 27-ാംനു അസ്തമിച്ച തുലാരാശികൊണ്ട മുടിഞ്ഞതരുളകയും ചെയ്തു. * പള്ളിശ്ശവദാഹത്തിന്ന മാവ കടമരം മൂപ്പീന്ന മൂളികൊടുത്ത മുറിക്കണം........ ദെഹനം പാതിയാകുമ്പോൾ താഴക്കാട്ടമ്മ ചെന്ന തമ്പുരാട്ടിടെ തൃക്കഴുത്തിലെ ചരട അഴിച്ചു കൊണ്ടുവന്നതിൽ താലി എണ്ണം 50. അതിൽ രണ്ടു താലിയും ചരടും താഴക്കാട്ടമ്മ അഗ്നിയിൽ ഇടുകയും വേണം.........

തിരുവന്തളിക്ക പത്താംദിവസം എത്തേണ്ടും പ്രഭുക്കന്മാരുടെ കണക്ക. കോടചേരി മൂത്ത കയ്മളും, കുന്നത്തചേരി മൂത്ത കയ്മളും, ചങ്ങരങ്കണ്ട മൂത്ത കയ്മളും, പാലിയത്ത മൂത്ത നായരും, പാലിയത്ത യോഗത്തിൽപതികളും വെളമൂത്ത നമ്പിയാരും, ചാത്തന്മഴി മൂത്ത കയ്മളും, ഉളമാട്ട പടനായരും, വാകനായരും, പുന്നത്തൂര കല്പിച്ച പുലിഃഞ്ചേരി നായരും, എടചേകര നമ്പിടിടെ സ്വരൂപിയായിട്ട ചക്കാലക്കൽ നായരും........കാരുമുക്കിൽ തെക്കിനിയേടത്ത നമ്പൂതിരിപ്പാട്ടിലെയും, കിരാങ്ങാട്ട വടക്കിനിയേടത്തെയും മേനോന്മാരും വരണം. പെരുമ്പിള്ളിച്ചേരി കിരാങ്ങാട്ട നമ്പൂതിരിപ്പാട്ടുന്നും വടക്കെ നെടുന്നുരത്തിന്നും, പാലക്കാട്ട നമ്പൂതിരിപ്പാട്ടുന്നും, ഊമമ്പിള്ളി(ഓംപിള്ളി) നമ്പൂതിരിപ്പാട്ടുന്നും എഴുന്നള്ളും. ഇവരെല്ലാവരും 10-ാംദിവസം ഉച്ചതിരിഞ്ഞ വന്ന തമ്പുരാനെ കാണണം. മരിയാദ അങ്ങിനെയാകുന്നു........

തിരുക്കാഴ്ചകൾ.

ചാത്തകണ്ടത്ത ചെട്ടിയാരും, കൊട്ടാററ ചെട്ടിയാരും, ഒല്ലൂര മണാളന്മാരും, പുറക്കാട്ട പണിക്കരും ശക്കരത്തട്ട തിരുക്കാഴ്ചവക്കണം. ....പെരുമനത്തും ഊരകത്തും പൊതുവാന്മാരും ചേപ്പിൽ മാരാന്മാരും, കല്ലാററ നായന്മാരും നമ്പിയച്ഛന്മാരും മെളകുപൊതി......5-ാം ദിവസം തണ്ടായന്മാരും പണിക്കന്മാരും തേങ്ങാകൊട്ട......പള്ളിപുറത്ത തരകന്നും നസ്രാണികളും യോനകകുരിക്കളും മൊളകും കട്ടകും കുമ്പളിൽ വച്ചു. തരകൻ ചീരകവും ചന്ദനവും കൂടെ വച്ചു........ശേഷം ജാതിയിൽ ഉള്ളവര മുളക കുമ്പളിൽ........പാലിയത്ത പെരുംപറയൻ തുക്കൈ കുട.......ഓടന്മാര കലം. ചൊന്നാര പിഞ്ഞാണക്കിണ്ണം. പാണ്ടികല്ലൻ കല്ലുവിളക്ക. ചെറുച്ചേരി കൊല്ലൻ പീച്ചാങ്കത്തി. വെട്ടുവര വെള്ളവട്ടിയിൽ വെള്ളപ്പ........ ഇവക്കെല്ലാവക്കും അരിയും പണവും കൊടുത്തയക്കയും ചെയ്തു............തെക്കുംകൂററിൽ മൂത്ത തമ്പുരാൻ തിരുവന്തള്ളിനാൾ രാവിലെ മനക്കൽ എഴുന്നള്ളി. സന്ധ്യ കഴിഞ്ഞ അസ്തമിച്ച ആനക്കഴുത്തിൽ കിഴപ്പിള്ളിക്കരക്ക എഴുന്നള്ളുകയും ചെയ്തു............"

5. പള്ളിത്തണ്ടേററത്തിൻെറ മര്യാദകൾ.

(അച്ഛൻതമ്പുരാൻെറ സ്ഥാനം കിട്ടിയാൽ ആദ്യമായി) തിരുവള്ളക്കാവിലേക്ക എഴുന്നള്ള

* അച്ചൻതമ്പുരാൻെറ തിരുമാസത്തിന് "തിരുവെഴുത്തയക്കേണ്ട മരിയാതകൾ' എന്ന തലക്കെട്ടിൽ താഴേ ചേക്കുന്നതു കാണുന്നു. "ഗോദാവരീടെ കിഴക്കേക്കര ഇച്ചക്കൻെറ നാട, അന്നാഴ നെല്ലൂര ദേശം ഇങ്ങുതന്നെ ഉള്ളൂ. അത രക്ഷിപ്പാൻ ഇങ്ങന്ന കല്പിച്ച ആള ആയിട്ട മാണിക്ക വായൻ പിള്ളക്ക എഴുതണ്ടത, ഗോവിന്ദൻ രാമൻ കണ്ട കാരിയമാവത."—ഗോദാവരീതീരത്ത് ഇപ്പോൾ ചിറക്കൽ സ്വരൂപത്തിനു ദേശവഴികളില്ല.

ത്ത പുറപ്പെട്ടമ്പോൾ നായന്മാർ തിരുമുമ്പിൽ അകമ്പടി വേണം. ആലവട്ടം, വെൺചാമരം, കുടയും, തഴയും നട, വെടിയും, വാദ്യഘോഷങ്ങളും വേണം. പ്രഭുക്കന്മാരിൽ കോടശ്ശേരിക്കയ്മള കടപിടിച്ച മുമ്പിൽ അകമ്പടി. അതിൻെറ മുമ്പിൽ പ്രഭുക്കന്മാര, നെന്മിനി, താമര, ചൊവ്വൂരന്മാര, ചാത്തിരനമ്പൂതിരിമാര അകമ്പടിയും ഇങ്ങിനെ തിരുവല്ലക്കാവിൽ എഴുന്നള്ളി പട്ടുചാത്തി, പെരുവനത്തേക്ക എഴുന്നള്ളി പട്ടുചാത്തി, മേക്കാവിൽ എഴുന്നള്ളി പട്ടിചാത്തി പെരുമ്പിള്ളിച്ചേരിക്ക എഴുന്നള്ളിക്കണം."

ചിറവൂർ സ്വരൂപത്തിങ്കലേക്ക വന്ന ചില നഷ്ടങ്ങളും അപമാനങ്ങളും.

കുറിപ്പ്. (സ്വരൂപത്തിലെ അപദാനങ്ങൾ വണ്ണിച്ചിരിക്കുന്ന ഗ്രന്ഥത്തിൽതന്നെ അവിടെക്ക പറ്റിയ ചില അപമാനങ്ങളേയും അപജയങ്ങളേയും വണ്ണിച്ചുകാണുന്നത അഭിനന്ദനാഹംതന്നെ.)

1. തിരുനാവായ സംഭവം.

"താമിരിപ്പാട്ടിന്ന മാമാങ്കത്തിന്ന നിലവാടനിന്നരുളിക്കൂടാതെ മുടക്കമുണ്ടായിട്ട (പകരം ചിറവൂർ അച്ഛൻതമ്പുരാൻ) നിലവാടനിന്ന അരുളീട്ട ഇങ്ങോട്ടെഴുന്നള്ളുമ്പോൾ പാഷാണമായിട്ടുള്ള വാക്ക തിരുനാവായ നമ്പൂരിമാര പറകകൊണ്ട........ഇതിന്ന പെരുമനത്ത ഇരട്ടയപ്പൻെറ പണ്ടം പുറപ്പെട്ട, അധിക്ഷേപം പറഞ്ഞ നമ്പൂരിമാരോട ചോദ്യംചെയ്തു. അതിന്ന പരുക്കുവച്ച പ്രാശ്ചിത്തം ചെയ്തു കിടക്കുന്നു."

2. പ്രഭുക്കന്മാരുടെ ഏററങ്ങൾ.

"ചാത്തംവഴിക്കയ്മള തമ്പുരാനോട ഏററംചെയ്കയാൽ അതിന്ന തോട്ടപ്പിള്ളി അവരെ പ്രാശ്ചിത്തംചെയ്തു പെണ്ണും ചെറുക്കനേയും, ചേപ്പിൽ പത്തുവീട്ടുകാരിൽ ഒന്നുപോലെ കിഴക്കെ മഠത്തിൽ നിത്യാനുഭവം കൊട്ടത്തുകിടക്കുന്നു....

"ചങ്ങരങ്കണ്ട കയ്മള തമ്പുരാനോട ഏററം ചെയ്കയിൽ........അതിന്ന ആറാട്ടുപുഴെ കുട്ടങ്ങണത്ത അവരേയും പെണ്ണും ചെറുക്കനേയും പ്രാശ്ചിത്തം ചെയ്തു........

"ചങ്ങരങ്കോത വടക്കേക്കരെ താവഴിയിൽ കയ്മള........പൂലകുളിക്ക പോകുമ്പോൾ ചേപ്പിൽ കിഴക്കെ മഠത്തിൽ പടിക്കേവച്ച ആളുകള തമ്മിൽ ഇടച്ചിൽ ഉണ്ടാകയാൽ, അതു ഹേതുവായിട്ട പെരുവനത്ത തൊട്ടകുളത്തിൽ നീരാട്ടുകുളിക്ക് ചിറവൂർതമ്പുരാൻ എഴുന്നള്ളിയാറെ ചങ്ങരങ്കോതക്കയ്മളുടെ ആളുകൾ വന്ന തമ്പുരാനെ തിരുമേനിക്ഷയം ചെയ്തു അരിമ്പൂർ കാട്ടുങ്കൽ നമ്പിടിയെ വെട്ടിക്കൊന്നേച്ച പോയികിടക്കുന്നു. അന്ന് കുറുപ്പത്ത അവൻ കുത്തുവിളക്കിട്ടേച്ചപോയി.......

....പിറേറ ദിവസം പാറക്കാട്ട ഉണ്ണിക്കോരമേനോനും കേളുമേനോനും കയ്മടെ വീട്ടിൽ കയറി മരിച്ചുകിടക്കുന്നു. ആ പ്രാശ്ചിത്തം കഴിഞ്ഞിട്ടും അതിൽപിന്നെ തമ്പുരാനെ കാണാറുമില്ല.....

"വള്ളോകോനാൾപാട്ടിന്ന കല്പിച്ച, കരിയന്നൂർ കളം ചുട്ടിട്ട, ചിറവൂർ തമ്പുരാൻ കരിയന്നൂക്ക എഴുന്നള്ളി ഇരുന്നു. പുഴവക്കത്ത പഷ്ണി തുടങ്ങി. പയ്യനാട്ട നമ്പിടി പ്രയത്നം ചെയ്തു വള്ളോർകോനാർപാട്ടന്ന കല്പിച്ച ആനഇരുത്തി പരുക്കും ചെയ്തു.

"പെരുവനത്ത ഇരട്ടയപ്പൻെറ മലപ്പുറത്ത 36 കാതത്തിൽ പയ്യക്കര മലയിൽ കൊല്ലം 923_ാമത കുംഭഞായർ 8_ാംനു- ഒരു കിണററിൽ ഒരു ആനക്കിടാവ വീഴുകകൊണ്ട, പുന്നത്തൂരും അയിനിക്കുററിന്നും പെരുവനത്ത അറിയിച്ച യോഗം തികഞ്ഞ എത്തി. യോഗത്തിലുള്ള നമ്പൂതിരിമാരും കാരാളരിൽ അയിനിക്കുററിൽ ഏഴാമനായ തമ്പുരാനുംകൂടി എഴുന്നള്ളി ആനക്കുഴിയിൽ എത്തുമ്പൊഴക്ക, പെരുമ്പടപ്പിൽ വലിയ തമ്പുരാൻ കല്പിച്ച ആളുകള തീനും വെള്ളവും കൊട്ടക്കുകകൊ

ണ്ട............നമ്പൂരിമാര അന്ന്യായം പറഞ്ഞാറെ അതിനെ സമ്മതിയാതെ മീനം ഞായറ 18-ാംനു- പുരുഷാരത്തെ കൂട്ടി ഉണ്ടയും മരുന്നുംവെച്ച ആനക്കുഴിക്കൽ വന്ന കാരാളരുടെ ആളുകളെ വെട്ടി പരുക്ക ഏല്പിച്ച നമ്പൂരിമാരെ പട്ടന്മാരെകൊണ്ട പിടിച്ച ഇടിച്ച വലിച്ച ദൂരെ നീക്കി ഉരുവിനെ........കൊണ്ടുപോകയും ചെയ്തു. അപ്പോഴെഴു്നമ്പൂരിമാരെ പെരുവനത്ത വന്ന പട്ടിണി തുടങ്ങിയിരിക്കുന്നു. കാരാളരുടെ ആളുകൾ 16നും നമ്പൂരിമാർ 18 ആൾക്കും പരുക്ക ഏററിരിക്കുന്നു........"

"വെട്ടത്തുന്ന പെരുമ്പടപ്പിൽ വലിയതമ്പുരാനായി ദത്തു പുക്ക തമ്പുരാൻ(1657—62) വെട്ടി തീപ്പെട്ടശേഷം കുറുമ്പുലാവിൽ പെരിമ്പടപ്പും, കില്ലിള്ളിക്കരെ നെടിയിരിപ്പും പല കാലവും ഇരിക്കകൊണ്ട വസ്തു നാനാവിധമായതും കുടികള നശിച്ച പോയതും എലമ്പുലക്കാട്ട തേവരുടെ പൂരം വീണതും. അന്നു വെട്ടത്തുന്ന ദത്തു പുക്ക തമ്പുരാന ഉണ്ണിയച്ചി എന്ന നേത്യാരിൽ (ഉണ്ടായ) മകനായ വല്ലത്തക്ക ട്ടിൽ നമ്പിയാര (പലവിധത്തിലും)....ഉപദ്രവിക്കകൊണ്ട, ചേപ്പീന്ന മുടിഞ്ഞ അരുളിയ അഫൻ തമ്പുരാൻ മനിക്ഷങ്ങളെ അയച്ച ഞെരിക്കം ചെയ്യാറെ, മങ്ങലത്തു നമ്പൂരിയെകൊണ്ടും....പറയരെകൊണ്ടും ആഭിചാരം ചെയ്തുകൊണ്ടും (തമ്പുരാൻ) ദെണ്ണത്തിങ്കൽ തിരിഞ്ഞു. എന്നിട്ട....നമ്പിയാരെക്കൊണ്ട (പെഴ) ചെയ്യിച്ച വസ്തു ഒക്കയും ഒഴിപ്പിച്ച ചെന്നു. ഇതിന്നടുത്ത കൊല്ലം 832-ാമത മകരഞായററിൽ (1657) പടകടക്കുകയിൽ . . നമ്പിയാര നെലങ്ങള ഒക്കെയും ഒതുക്കി . . പറമ്പുകൾ കൈ ഏറുകകൊണ്ട മനിക്ഷങ്ങളെകൊണ്ടു ചോദ്യം ചെയ്യാറെ, പണിക്കവീട്ടിൽ ഇട്ടിരാരിച്ചമേനോനോടുംകൂടി മേപ്പിള്ളിപ്പാട്ട പുരതീവെച്ചു. തിരുമാസത്തിന്ന നെടുമ്പുരക്ക വെട്ടിച്ച തേക്ക മുടക്കി, മരം തുള്ളിവപേരുർ . . കോവിലകത്ത പണിക്ക കൊടുത്തു. പിന്നെ 905-ാമതിൽ (1730) ചേപ്പിൽ മടത്തിൽ നിന്ന മേപ്പിള്ളിപ്പാട്ടെ ആളെ പിടിച്ച കൊണ്ടു പോഷിച്ചു. 916-ാമത് (1741) ഇങ്ങുന്നും . . ചോദ്യം ചെയ്തു. അതുകാരണമായിട്ട നമ്പിയാരുടെ ആവലാതി പെരുമ്പടപ്പിൽ വലിയ തമ്പുരാൻ തിരുമുമ്പിൽ ഉണ്ടാകകൊണ്ട, കുമദവർക്ക തീട്ടൂരം എഴുതി, കോട്ടേന്ന ആള വരികകൊണ്ട് (ചിറവൂർ) തമ്പുരാൻ കൊച്ചിക്ക എഴുന്നള്ളി കോട്ടയിൽ വച്ചുകാരിയം പറഞ്ഞ പിരിഞ്ഞ ഇരിക്കുന്നു....പിന്നെ കൊല്ലം 925-ാമത (1750) . . നമ്പിയാരുടെ ഏററം കൊണ്ട ചിറവൂർ കൂററിലെ പാവൂര ഇട്ടുണ്ണാനെയും കണ്ണച്ചനേയും തച്ചുകൊന്ന കിണററിൽ ഇട്ടിട്ട വസ്തു ഒക്കെയും അടക്കിയിരിക്കുന്നു. ഏററങ്ങൾ ചെയ്തത ഒക്കയും ക്ഷമിച്ച പാത്ത ആകുന്നത."

ചിറവൂർ സ്വരൂപത്തിന്ന് മുമ്പുംകൂടും ഉണ്ടായിരുന്ന ചില ക്ഷേത്രങ്ങളുടെ ചരിത്രം.

പ്രാചീനകേരളത്തിൻെറ രാഷ്ട്രീയചരിത്രത്തിൽ തുലോം പ്രാമാണ്യവും പ്രാബല്യവും വഹിച്ചുകൊണ്ടു വിളങ്ങിയിരുന്ന ഒന്നാണല്ലൊ പന്നിയൂർ ശ്രീവരാഹമൂത്തിയുടെ ക്ഷേത്രം. പ്രസ്തുത ക്ഷേത്രത്തി....സ്ഥാനം സംബന്ധിച്ച് ഞ....തമ്മിൽ പല കലശലുകളും കലഹങ്ങളും നടന്നിട്ടുണ്ട്. ഈ മഹാക്ഷേ....വിവരിക്കുന്ന ചില രേഖകളാണ് താഴെച്ചേക്കുന്നത്.

I. പന്നിയൂർക്ഷേത്രം.

കുറിപ്പ്—(ചരിത്രപരമായി നോക്കുന്നതായാൽ കേരളത്തിൽവച്ച് ഏററവും പ്രധാമുള്ള ക്ഷേത്രമിണ് പററിയൂർ വരാഹമൂത്തിയുടെ ആലയം. ഈ ക്ഷേത്രത്തിലെ മേൽക്കോയ്മ സ്ഥാനം പ്രമാണിച്ച് കേരളത്തിലെ രാജാക്കന്മാർ തമ്മിൽ പല യുദ്ധങ്ങളും ഉണ്ടായിട്ടുണ്ട്. ഈ ക്ഷേത്രത്തിലെ 'മരിയാദകളെ'പററിയും, ക്ഷേത്രത്തിന്നുള്ളിലും ക്ഷേത്രസങ്കേ

ങ്ങളിലും വച്ചുണ്ടായ പ്രധാനസംഗതികളെ പററിയും വിവരിക്കുന്ന ചില പ്രമാണങ്ങൾ താഴെ ഉദ്ധരിക്കുന്നത് അനുചിതമാവുകയില്ലെന്ന് വിശ്വസിക്കുന്നു.)

"പന്ത്രണ്ടു കാലം തെകയുമ്പോൾ....അറുപത്തിനാല ഗ്രാമത്തിൽ ഉള്ള ബ്രാഹ്മണര ഒക്കക്കൂടി....മലയാളം രക്ഷിപ്പാൻ അവരോധിച്ച ക്ഷത്രിയ രാജാവിനെ പന്നിയൂക്ക കൊണ്ടുവന്ന തേവരേ തൊഴ് (വിക്കുക പതിവുണ്ടായിരുന്നു) *

...ചേനാത്ത ചങ്കേനാത്ത നമ്പൂരിക്കന്ത്രാം. അമ്പത്താറ ഗ്രാമത്തിൽ ഉള്ളതിൽ വെങ്ങാട്ടൂർ ഗൃഹത്തിലേക്കും തൃക്കണാപുരത്ത ഗൃഹത്തിലേക്കും ഊരായ്മ. ചിററൂർ സ്വരൂപത്തിങ്കലേക്ക 'സമുദായ'സ്ഥാനം. പരവൂര ഗ്രാമത്തിൽ കടമ്പനാട്ട് നെട്ടുന്ത്രുത്തി; ഈ രണ്ടു സ്വരൂപത്തിനും (കൂടി) അകക്കോയ്മസ്ഥാനം. 12 അകപ്പൊതുവാന്മാര മൂത്തന്മാര, 18 പുറപ്പൊതുവാന്മാര, 4 വാരിയന്മാര, 2 നമ്പിയച്ചന്മാര, 2 മാരന്മാര; അങ്ങനെ 38 'പാദമൂല'ത്തിലുള്ളവര......ദേവസ്വം, കോയിമസ്ഥാനവും സമുദായസ്ഥാനവുംകൂടി നടക്കണം. ദേവസ്വം കൊടുക്കുന്നതും കൊള്ളുന്നതും ഊരാളരുള്ളിരുന്ന വരാഹമൂർത്തി തിരുനാമപ്പേരാൽ 'ചിററൂർ തത്ത നാരാണൻ' കെണ്ടാർ, എന്ന എഴുതണം.......വാതിൽ മാടത്തിങ്കൽ അടിയന്തരയോഗത്തിങ്കൽ സമുദായകോയ്മ ആയിട്ടു തമ്പുരാൻതന്നെ.......58 ഗൃഹത്തിലുള്ളവരും തമ്പുരാനും അടിയന്തരം വട്ടം ഇരിക്കുമ്പോൾ കടമ്പനാട്ടു നമ്പിയാതിരിപ്പാട്ടിന്നും....ഉള്ളിലൂട്ടത്ത വാളുമായി....നില്ക്കണം.........ഭണ്ഡാരത്തിൻെറ താക്കോലും ചിററൂര സ്വരൂപത്തിങ്കൽതന്നെ ആകുന്നു. ചിററൂർ സ്വരൂപത്തിങ്കേന്ന അടിയന്തരത്തിന്ന എഴുന്നള്ളുമ്പോൾ മൂപ്പീന്നും എളമേന്നും എഴുന്നള്ളണം. പള്ളിത്തണ്ടിൽ എഴുന്നള്ളണം. രണ്ടു കുത്തുവിളക്കും വേണം....തൃക്കൺപാക്കുമ്പോൾ വീരാളിപ്പട്ടു ചാത്തണം."

(അമ്പലംപണി സംബന്ധിച്ച ചിററൂർ സ്വരൂപവും നെടിയിരിപ്പുസ്വരൂപവും തമ്മിൽ ഉണ്ടായ അഭിപ്രായവ്യത്യാസങ്ങൾ.)

"ഏറാൽപ്പാട്ടിന്ന കൊല്ലം 909-ാമത അമ്പലംപണി തുടങ്ങിയപ്പോൾ, സാമൂതിരിപ്പാട്ടിലെ തിരുവെഴുത്തിന്ന, 'കിഴുമരിയദപോലെ പണിയിക്കണമെന്നു വരികിൽ നാം എഴുന്നള്ളണം', എന്ന ഉത്തരം തിരുവെഴുത്ത എഴുതി അയച്ചു. അതു സമ്മതിയാതേ....അമ്പലം പണി തുടങ്ങി. കൊല്ലം 921-ാമത (1746) മകരം ഞായറ 27-ാംനു- വരാഹമൂർത്തിയുടെ പ്രതിഷ്ഠക്ക മുഹൂർത്തം കല്പിച്ചിരിക്കുന്നു എന്ന തിരുവെഴുത്തു കിട്ടുകകൊണ്ടു....22-ാംനു- അച്ഛൻതമ്പുരാൻ പുറപ്പെട്ടു........പിന്നെ ഭണ്ഡാരം തുറക്കണമെന്ന അച്ഛൻതമ്പുരാനോട ഒണത്തിച്ചാറേ, 'നമ്മുടെ സ്ഥാനം കൈ നീക്കി നടന്നതിൻെറ നേരിനെ ബോധിക്കാതെ ഭണ്ഡാരം തൊറപ്പാൻ സമ്മതിക്ക ഇല്ല' എന്ന അരുളിച്ചെയ്തു. 'പന്നിയൂർ ക്ഷേത്രത്തിങ്കലും പന്നിയൂർ കൂറാലും നമുക്കല്ലാതെ മുമ്പിൽ മററാരുത്തക്ക ഒരു കൈക്രിയ ഇല്ലാ' എന്നും, 'പന്നിയൂര മതിലകത്ത ദേവസ്വം വരുത്തണ്ടതും,ചിലവിടണ്ടതും, കൂറയും പവിത്രവും കൊടുക്കേണ്ടതും നാം(തന്നെ). കീഴുനാളിൽ നാം ആയ ട്ടും നമ്മുടെ പൂർവ്വന്മാർ ആയിട്ടും ചെയ്തു പോന്നത കൈ നീക്കി, ഭണ്ഡാരം മറുതാക്കോലിട്ടു തൊറന്ന ഇടുത്തതും....പൂക്കോട്ടു രാഘവപൊതുവാളെ മതിലകത്തിട്ടു കെഴിക്കിനിയേടം വെട്ടിയതും........ഇതൊന്നും തിരിയാതേ

* പെരുമാക്കന്മാരുടെ മടിയിൽ വെള്ളിനാഴികൊണ്ട അരി അളക്കുന്നതിനേയും മററു ചടങ്ങുകളെപ്പററിയും വിവരിച്ചിട്ടുണ്ട്. ഈ ക്രിയ നിർവ്വഹിച്ചിരുന്നത് ക്ഷേത്രത്തിൽ 'സമുദായ'സ്ഥാനമുണ്ടായിരുന്ന ചിററൂർ തിരുമനിമാരായിരുന്നു എന്ന് ഈ ഗ്രന്ഥത്തിൽ പ്രസ്താവിച്ചുകാണുന്നു.

നാം കൂടീട്ട ഭണ്ഡാരം തൊറക്ക ഇല്ല' എന്നും എറാൽപ്പാട്ടിനോട തെകച്ച ഉടനേ താഴത്ത എഴുന്നള്ളി പാക്കയും ചെയ്തു........പിന്നേ പലതംകൂടി പാത്താറേ, 'അങ്ങെ കാരിയം നാം വരുത്തി നെല ആക്കാം.' എന്നും, 'ഭണ്ഡാരം തൊറന്ന ഇട്ടക്കണ്ടത ഇട്ടക്കണം' എന്നും, എറാൽപ്പാട്ടിന്ന തെകച്ച അരുളിച്ചെയ്തീറേ,.... അച്ഛൻതമ്പുരാൻ വടകോവി(ലി)ൽ എഴുന്നള്ളി, മറെറല്ലാവരേയും അമ്പലത്തിന്ന പുറത്താക്കി....പാറക്കാട്ട കൊമരപ്പനെക്കൊണ്ട അറ തുറപ്പിച്ചു....കെളപ്പിച്ചു....ആറ വെള്ളിച്ചെപ്പുകുടവും, ചെല്ലത്തുന്ന രണ്ടു കുതിര കുളമ്പഭാഷയായ പൊന്നുങ്കട്ടയും എടുത്തശേഷം ഉള്ളത അവിടെതന്നെ വച്ചു പൂട്ടി........എറാമൽപ്പാട്ടിന്ന ഇരുന്നരുളുന്നേടത്ത എഴുന്നള്ളി, തട്ടാനെ വരുത്തി എകദേശം തൂക്കിച്ചാറെ, വലിയ പൊന്നുങ്കട്ട 3130 പണത്തൂക്കം, ചെറിയ കട്ട 2830 പണത്തൂക്കം. മാററ ഒമ്പതേകാലേ അരശ്ശാല........പൊന്നാനിമാക്കൽ മൌസമൂതിയൻകുട്ടിക്ക 10000 പണത്തിന്ന പണയം വച്ചു. പൊന്നു വിക്കണമെന്നു പറഞ്ഞാറെ അത സമ്മതിക്ക ഇല്ലെന്ന അരുളിച്ചെയ്തു. അത സമ്മതിയാതെ പൊന്നാനാശ്ശൽ തലച്ചെന്നോരും, തിരുമാനശ്ശേരി നമ്പൂരിപ്പാട്ടിന്നും 11206 പണവും 2 വീശത്തിന്നും വിററു എന്ന അമ്മാസം 30-ാംനു കേട്ടു.''

II ഊരകം ക്ഷേത്രം.

കുറിപ്പ്—(ഈ ക്ഷേത്രത്തിന്റെ ഗ്രന്ഥവരി 'കക്കര മേനോൻ' നശിപ്പിച്ചുകളഞ്ഞു എന്നാണ് ഐതിഹ്യം. എന്നാൽ ഈ ക്ഷേത്രം പുരാതനകാലത്തു പെരുവനംക്ഷേത്രത്തിന്റെ കീഴേടമായിരുന്നു എന്നും ചിറവൂർസ്വരൂപത്തിന്നു ഈ ക്ഷേത്രത്തിലുണ്ടായിരുന്ന പല അധികാരങ്ങളും, പെരിമ്പടപ്പ്—നെടിയിരിപ്പു കലഹങ്ങളുടെ ഫലമായി; തീരെ വേരററുപോയി എന്നും തെളിയിക്കുന്ന ചില ലക്ഷ്യങ്ങൾ താഴെ ചേക്കുന്നു. ഇവയിൽ ചരിത്രപരമായ പല സംഗതികളുംകൂടി അടങ്ങീട്ടുണ്ട്.)

(ഇപ്പോൾ ഊരകത്ത് ക്ഷേത്രം എന്ന് വിളിച്ചുവരുന്ന) "തിരുവലയന്നൂർ ഭഗവതി ക്ഷേത്രം ഉണ്ടാകുംമുമ്പേ ഊരകദേശത്ത,....വാരണക്കോട(കൊള)ത്ത, കുററാപ്പെഴ, മമ്പിള്ളി, കൊററകുളങ്ങരെ, (എന്നിങ്ങനെ പല) ക്ഷേത്രങ്ങളും, ദേശങ്ങളും (ഉണ്ടായിരുന്നു). തിരുവലയന്നൂർ ഭട്ടതിരി, കാഞ്ചിപുരത്തു ചെന്ന ഭഗവതിയെ സേവിച്ച പ്രത്യക്ഷമാക്കി, കിഴ്എടത്ത പൊതുവാളേയും, മേലേടത്ത പൊതുവാളേയും, കൂട്ടിക്കൊണ്ടുപോന്ന ഭട്ടതിരിയുടെ ഇല്ലത്ത കൊണ്ടന്ന ഭഗവതിയെ പ്രതിഷ്ഠിച്ചു. കുന്നത്തൂർ ഭട്ടതിരിക്ക തന്ത്രം ആക്കി. ഐശ്വര്യമൂത്തിയായിട്ട പെരുവനം ദേശത്തിലുള്ള നമ്പൂരിമാര സേവിക്കുകയിൽ, ചിറവര, അവണാവ്, ഈ രണ്ട സ്വരൂപത്തുങ്കേന്ന (പെരുവനത്ത) ഇരട്ടയപ്പന്റെ കീഴേടസ്ഥാനമായിട്ട കല്പിച്ച അമ്പലപ്പണി ചെയ്യിച്ച പ്രതിഷ്ഠ കഴിപ്പിച്ചു. പെരുവനത്ത അടിയന്തരകോയ്മ ആയവിണ്ടനിയാവട്ടത്ത * സ്വരൂപത്തുങ്കലേക്ക കോയ്മസ്ഥാനവും കല്പിച്ചു. പെരുവനത്ത പെരുംതൃക്കോവിലും ഊരകത്ത അമ്മതിരുവടിടെ തൃക്കോവിലും, ചിറവൂർ സ്വരൂപത്തിന്നും അവണാസ്വരൂപത്തിന്നും ഊരായ്മ ആകുന്നു. ക്ഷേത്രത്തിൽ തിരുവലെയന്നൂർ പട്ടതിരിയും, മേലേവീട്ടിൽ പൊതുവാളും, കീഴെവീട്ടിൽ പൊതുവാളും, പനിഞ്ഞിയത്തെ കയ്മളും പ്രധാനം......................അങ്ങിനെയിരിക്കുന്ന കാലത്ത....അമ്പലത്തിൽ ശുദ്ധിക്ഷയം വരുക കൊണ്ട....പെരിമ്പടപ്പിൽ സ്വരൂപത്തിങ്കൽ അമ്മതമ്പുരാൻ....ഭഗവതിയെ സേവിച്ച തമ്പുരാൻ ഉണ്ടാകയിൽ, (ആ തമ്പുരാൻ) ക്ഷേത്രത്തിൽ....പല....എററങ്ങളും ചെയ്തു...കാശിക്ക എഴുന്നള്ളുകയും ചെയ്തു. (ഈ സംഭവം സുമാർ എ. ഡി. 1600ൽ ആണ് നടന്നതെന്ന് അനുമാനിക്കാം.)

* പറവൂർ.

നടെ (ചിററൂർ) തമ്പുരാൻ ദിവസവും അമ്മ തിരുവടിയെ തൃക്കൺ പാൎത്ത ചെന്നിരുന്ന കാലത്ത മടങ്ങുവാൻ കാരണം: വാഴപ്പിള്ളി കാക്കരമേനവനെ പെരുമ്പടപ്പിൽ അമ്മ തമ്പുരാൻ കല്പിച്ച കെട്ടിയിട്ട കിടക്കുമ്പോൾ, (തമ്പുരാൻ) എഴുന്നള്ളിയാറെ, അഴിച്ച കൊണ്ടുപോരികകൊണ്ട അയാളെ കണ്ണകെട്ടി മാററി വെറും പട്ടരെ ആക്കി. ആറാട്ടുപുഴ പൂരത്തിന്ന എഴുന്നള്ളിച്ച നില്ക്കുമ്പോൾ പള്ളിവ്വാളാറെ കല്പിച്ച പട്ടരുടെ പക്കന്ന കണക്കോലയും നാരായവും പിടിച്ച പറിച്ച കാക്കരമേനവൻ പക്കൽകൊടുത്തു. ആ കാരണമായി (പെരിമ്പടപ്പ്) വലിയ തമ്പുരാൻ (ഊരകം) ക്ഷേത്രത്തിലെ ഗോപുരം അടച്ചിരുന്നത, വാരോല നമ്പൂരി കോടാലി കൊടുത്ത, വെട്ടിപ്പൊളിച്ച, എഴുന്നള്ളി തൊഴുത, നാരിക്കരെ പാമ്പിൽ കോവിലകം പണിചെയ്യിച്ചു. പള്ളുരുത്തി കോവിലകത്തിന്ന തിരുമ്പ്പായ വലിയ തമ്പുരാന്റെ (എ. ഡി. 1646—50) കല്പനയാവത.

കൊല്ലം 828_ാമതിൽ (എ. ഡി. 1653) കുറുവിലായിലും തോട്ടത്തിലും വെട്ടിക്കല കഴിഞ്ഞ പെരുമ്പിള്ളിശ്ശേരി കിരാങ്ങാട്ട മനക്കലും പട്ടശ്ശേരിമാരാത്തും വലിയ പണിക്കെട്ടിലും വലിയ തമ്പുരാൻ * എഴുന്നള്ളി ഇരുന്നാറെ, നെടിയിരിപ്പിൽ സ്വരൂപത്തുകെന്ന (ചിററൂർ) മനക്കലെഴുന്നള്ളിയിരുന്നരുളി, മേക്കാവിൽ ഭഗവതി വെളിച്ചപ്പെട്ട മനക്കലേക്ക പോരുമ്പോൾ വെടിവെച്ച ഉണ്ട പിടിച്ചത മനക്കൽ തൃക്കൈക്കുമ്പിൽകൊണ്ടുന്ന കോട്ടത്ത, ഉടനെ നാട്ടുകാര വലിയ തമ്പുരാനെ നാട്ടകടത്തി എഴുന്നള്ളിച്ച....ഊരകത്ത വാടയിട്ട വാഴപ്പിള്ളി കാക്കരമേനവനേ മനക്കലേക്ക കൊണ്ടുപോന്ന സ്ഥാനം നടത്തിച്ചു.

തിരുവലെയന്നൂർ ഭട്ടതിരിടെ തറവാട്ടിലെ അകായും, മററുള്ള നമ്പൂരിമാരും പുറപ്പെട്ട കണ്ണനൂൎക്ക പോയതിൽ, (തിരികെ) വന്നിട്ട ഊരകത്ത വെങ്ങാലൂർ ഭട്ടതിരി ചെറുശ്ശേരി ഇല്ലം പണി ചെയ്തു ഇരിക്കയാകുന്നത. പൂനൂ(മ)ള്ളി നമ്പൂരിപ്പാട്ടിന്ന പന്നിയൂർ ഗ്രാമത്തിൽ ഉള്ള വെങ്ങാട്ടര നമ്പൂരിപ്പാട്ടിന്ന ആയി വെങ്ങാട്ട പുഷ്പകത്തെ സോമ അടങ്ങി എന്നും, അമ്മതിരുവടി പരദേവതയാകുന്നു എന്നും, തിരുവലയന്നൂർ ഭട്ടതിരിയായിട്ട ചാൎച്ച ഉണ്ട എന്നും, സോമസ്ഥ ഉണ്ട എന്നും പറഞ്ഞ തിരുവടിയുടെ ഊരാഴ്മ നടത്തേണമെന്നും പറഞ്ഞു ....പൂനൂള്ളി നമ്പൂരിപ്പാട്ടിലേക്ക ഊരാഴ്മ യില്ല എന്ന പറഞ്ഞ അയക്കുകയും ചെയ്തു.

കൊല്ലം 892-ാമത മകരഞായററിൽ 16_ാംനു- (1717—18 എ. ഡി.) നെടിയിരിപ്പിൽ സ്വരൂപത്തിങ്കേന്ന ഊരകത്തന്നിന്ന കഴിച്ച പോരകോളത്തേക്കും (പൂനൂള്ളിനമ്പൂരി) ഊരാഴ്മ നടത്തീട്ടും ഇല്ല. പെരുമ്പടപ്പിൽ സ്വരൂപം മേൽകോയ്മസ്ഥാനം ആയാറെ ഇരിഞ്ഞാലക്കുടന്നിന്ന തീപ്പെട്ട തമ്പുരാൻ * (1722—31 എ. ഡി.) പെരുമ്പിള്ളിശ്ശേരി കിരാങ്ങാട്ട നമ്പൂതിരിപാട്ടിലെ കണ്ട, തൃക്കോൽ കാരിയം ചെയ്തു പുഷ്പാഞ്ജലിക്കും അടിയന്തരത്തിൽ തേവാരിക്കുടി ഇരിക്കത്തക്കവണ്ണവും (പൂനുള്ളി നമ്പൂരിക്ക) തീട്ടൂരം കൊടുത്തു. കൊല്ലം 905-ാമത് വൃശ്ചികഞായററിൽ (ജനുവരി 1730 എ. ഡി.) പൂനുള്ളി നമ്പൂരിപ്പാട്ടീന്ന ശ്രീകോലകത്ത കടന്ന പുഷ്പാഞ്ജലി തുടങ്ങി എന്നു കേട്ട, ഉടനെ ഊരകത്തകാര അമ്പലം തീകത്തിച്ച ബിംബം പറിച്ചിട്ട. അന്നുതന്നെ വലിയ തമ്പുരാൻ എഴുന്നള്ളി തീകെടുത്തി ബിംബം പ്രതിഷ്ഠിച്ച പൂജ തുടങ്ങുകയുംചെയ്തു.

പിന്നെ 908_ാമതിൽ (1733) പരോട്ടാനി ഇറിയത്ത ദത്തുവച്ച കാക്കരമേനോനെ വലിയ തമ്പുരാൻ ¶ ശിക്ഷിക്ക എന്നുവച്ചാറെ,

---

* ഈ വലിയതമ്പുരാൻ ചാഴിയൂർ ദത്ത് രാമവൎമ്മനാണ്.

* മരുമകൻ രവിവൎമ്മത്തമ്പുരാൻ.

¶ രാമ വൎമ്മ ന്തമ്പുരാൻ.

വലിയ തമ്പുരാൻ എഴുന്നരുളി ഇരുന്നരുളുന്നേടത്ത (ചിററൂർ) തമ്പുരാൻ എഴുന്നള്ളി............ തിരുവല്ലക്കേട്ടുംപോക്കി ഇങ്ങോട്ട എഴുന്നള്ളുകയും ചെയ്തു............

കൊല്ലം 932_ാമത (1757) മകരഞായർ 20_ാംനു നെടിയിരിപ്പിൽ സ്വരൂപത്തുങ്കൽ തമ്പുരാക്കന്മാര (ചിററൂർ) മനക്കൽ എഴുന്നള്ളി ഊരകത്തു അമ്മ തിരുവടിടെ ഭണ്ഡാരം നടേ എടുത്തതിന്ന ആനക്കിടാവിനെ ഇരുത്തി, കോയ്മസ്ഥാനം നടത്തുകയിൽ കൊച്ചിക്കോട്ടയിൽ കുമൂദവക്ക തിരുവെഴുത്ത എഴുതി നടേ 893_ാമത (1718) അമരാല രണ്ടു മാഗ്ഗ്ക്കാരെ കുമ്പഞ്ഞി കല്പിച്ച നാട്ട രെക്ഷിക്കുവാൻ തക്കവണ്ണം ആക്കിയിരുന്നവരെ, മേടഞായറിൽ വഴിച്ചിലവു കൊടുത്ത കൊച്ചിക്ക യാത്ര അയക്കയും ചെയ്തു.

III തിരുവാല്ലൂർ ക്ഷേത്രം. ‡

കുറിപ്പ്. (ഈ പ്രാചീനക്ഷേത്രം ആലുവാകോളേജിന്റെ സമീപത്താണ സ്ഥിതിചെയ്യുന്നത്. ഇതിലെ പ്രതിഷ്ഠ പരദേശത്തുള്ള തിരുവാല്ലൂർ ക്ഷേത്രത്തിലെ മൂർത്തിതന്നെയാണെന്നാണ ഐതിഹ്യം. ഈ ക്ഷേത്രത്തിൽ ചിററൂർസ്വരൂപത്തിന്ന സമുദായസ്ഥാനവും, ഊരാണ്മക്കാരെ അവരോധിപ്പാനുള്ള അവകാശവും ഉണ്ടായിരുന്നു. ചരിത്രപ്രധാനമായ ചില സംഗതികൾ ഇവിടെവച്ച നടന്നിട്ടുണ്ടെന്ന താഴെ ചേർക്കുന്ന വിവരണങ്ങളിൽനിന്ന തെളിയുന്നതാകുന്നു.)

“തിരുവാല്ലൂർ ക്ഷേത്രത്തിങ്കലേക്ക ഊരാളരേയും സമുദായത്തേയും ചിററൂർ മനക്കൽ തെക്കിനിയിൽ പടിഞ്ഞാറുഭാഗത്തവച്ച അവരോധം കഴിക്കുക (പതിവായിരുന്നു) സമുദായനമ്പൂരിക രണ്ടുകം മുറിഞ്ഞാൽ ആളുമാറിക്കല്പിച്ച അടിയന്തരം നടത്തണം. നാട്ടുവാഴി, കാരളൻ, മങ്ങാട്ട സ്വരൂപത്തുങ്കേന്ന പിഴച്ചാൽ ആന ഇരുത്തി തോട്ടിയും വളരുംവച്ച പെഴതീക്കണം. അതു ചെയ്യാഞ്ഞാൽ.......... അടിയന്തിരത്തിങ്കൽനിന്നും (തൃക്കോവിൽ) എമ്പ്രാനെകൊണ്ടു പൂട്ടിച്ച താക്കോല സമുദായനമ്പൂരി വാങ്ങി കോയിമ്മയുടെ പക്കൽ കൊടുത്ത ആയുധവുമായി ചെന്ന മൂപ്പിന്ന ഇരിക്കുന്നിടത്ത ചെന്ന താക്കോലും വച്ച ആയുധവും കമത്തി പാക്കണം.....സങ്കേതത്തിൽ മറെറാരുത്തര കടന്ന ഏററം ചെയ്യാതവണ്ണം നാട്ടുവാഴി രെക്ഷിക്കണം..........നിലവരാഞ്ഞാൽ (ചിററൂർ) തമ്പുരാൻ ക്ഷേത്രത്തിങ്കൽ എഴുന്നള്ളി ഇരുന്ന പഴ്ശ്ശി ഇടീച്ച സങ്കേതം 1200 കല്യ വസ്തുവും അതിലകപ്പെട്ട അടിയാരെയും ക്ഷേത്രവും രെക്ഷിക്ക..........ചിററൂർ സ്വരൂപത്തുങ്കേന്നും ക്ഷേത്രത്തിൽ എഴുന്നള്ളിയാൽ പോകോളത്തേക്ക ചിലവ കൊടുക്കണം........ തിരുവാല്ലൂർ ക്ഷേത്രം ആദിമൂലം ഉണ്ടാക്കിയന്ന പരദേശത്ത പരദേശത്തതിരുവാല്ലൂർക്ഷേത്രത്തിൽക്കേന്ന കൂട്ടിക്കൊണ്ടുപോന്ന തോട്ടതരിയത്ത മൂത്തതും, അമ്പലപ്പാട്ട കിഴക്കേടത്തവരും പടിഞ്ഞാറേടത്തവരും, അവക്ക കഴകം തട്ടും ചട്ടുകവും ആകുന്നത. മൂത്തതിന്ന അകപ്പുതുവാളുടെ കാരാണ്മ പ്രവൃത്തിയും കണക്കെഴുത്തും. കുടകച്ചേരി നമ്പൂരിതന്ത്രം. താന്നിനമ്പൂരിക്ക പരികർമ്മം.

(മുമ്പ്) മങ്ങാട്ട സ്വരൂപത്തുങ്കേന്ന ഏററങ്ങൾ ചെയ്തുകൊണ്ടു.......എഴുനള്ളി ഇരുന്ന അന്യായവും പഴ്ശ്ശിയും തുടങ്ങിയാറെ വടക്കുംകൂററിൽനിന്നും....പെരുമ്പടപ്പിൽ സ്വരൂപത്തിങ്കൽനിന്നും * എത്തി; ഇങ്ങു വേണ്ടി

‡ ലിപികൊണ്ടും ഭാഷകൊണ്ടും സുമാർ 12-ാം നൂററാണ്ടിലെ ഒരു ശിലാരേഖ ഈ ക്ഷേത്രത്തിൽ കാണ്മാനുണ്ട്. അതിൽ കുലശേഖരപ്പെരുമാളുടെ മൂന്നാം വർഷത്തിൽ മണങ്ങാട്ടു കുമാരൻ ഇരവി ഉള്ളതിന്റെ ശാന്തി പ്രവൃത്തിയെപററി ഒരു നിശ്ചയം ചെയ്തതായി കാണുന്നു. മണങ്ങാട്ടും മങ്ങാട്ടും ഒരുപക്ഷേ ഒന്നായിരിക്കാം.
ക്ഷേത്രത്തിന്ന് ആരല്ലൂർ മുക്കാലുവട്ടം എന്നു പേർ പറഞ്ഞുകാണുന്നു.

* ഇടപ്പിള്ളി രാജകുടുംബം.

ട്ട (ചിററൂരിന്ന വേണ്ടീട്ട്) വിണ്ടിനിയാവട്ടത്ത സ്വരൂപത്തുങ്കൽനിന്നും എളങ്ങള്ളൂർ സ്വരൂപത്തുങ്കൽനിന്നും കോടശ്ശേരിനിന്നും വില്ലിയാർ വട്ടത്തുങ്കൽനിന്നും മങ്ങാട്ടച്ചനുംകൂടി എത്തി........(മങ്ങാട്ട സ്വരൂപത്തിന്റെകൊണ്ട പിഴകൾ ചെയ്യിച്ചു.) കൊല്ലം 927_ാമതിലേക്ക 857 കാലമായി.

920_ാമതിൽ സമുദായമായിട്ടവരോധം കഴിച്ചു വടക്കേടത്ത കുഴിക്കാട്ട നമ്പൂതിരി അടിയന്തിരം മുടക്കുകയും........86,000 പണത്തിന്ന ഭണ്ഡാരത്തിലെ പൊന്നെട്ടത്ത വിക്കുകയും........മേൽകോയ്മയുടെ ആളേയും നാട്ടവാഴിയുടെ ആളേയുംകൊണ്ടന്ന ദേവസ്വം വില്ക്കുകയും ചെയ്തുകൊണ്ട........മൂത്തത ദേവസ്വം ഗ്രന്ഥവരിയും പള്ളികരണ്ടകവുംകൊണ്ട (ചിററൂർ) മനക്കൽ വന്ന അവസ്ഥകൾ പറഞ്ഞാറെ 927–ാമത തുലാമാസം 17_ാംനു മനക്കൽ തെക്കിനിയിൽ നിലവിളക്കുവച്ചു........തമ്പുരാൻ കിഴക്കോട്ട തിരിഞ്ഞിരുന്ന വടക്കേടത്ത കുഴിക്കാട്ടിന കരണ്ടകം കൊട്ടത്തിരുന്നത വയ്യിച്ചു പാറക്കര നമ്പൂരിക്ക കരണ്ടകം കൊടുക്കുകയും ചെയ.

927_ാമത മകരഞായററിൽ (1752)നെടിയിരിപ്പ സ്വരൂപത്തുങ്കൽനിന്ന കല്പിച്ചു ആള ഉണ്ണിരാരിച്ച ഏറാടി ആലുവായെ വാടയിട്ട പാത്തനാളിൽ ദേവസ്വത്തിൽ ഫലം എടുക്കണം എന്നു, പറകകൊണ്ട........(ചിററൂർ) തമ്പുരാൻ പട്ടമന്നെ താമൂതിരി തിരുമൽപാട്ടിന്ന ഇരുന്നരുളുന്നേടത്ത എഴുന്നള്ളി അന്യായം പാർത്ത വിരോധം ഒഴിപ്പിക്കയുംചെയ്തു........

തിരുവാലൂര അകക്കോയ്മ സ്ഥാനം തൃപ്പാളൂർ (തിരുവിതാംകൂർ) സ്വരൂപത്തിലേക്ക ആയതിൽ കൊല്ലം 937_ാമത മിഥുനഞായററിൽ (1762) 8_ാംനു........നെയിവിളക്കിന്നും സങ്കറാന്തി നെയ്യ ആട്ടവാനും ആയിട്ട കല്പിച്ചു. ആണ്ടിനാൽ 125 ചോതകന്ന എണ്ണ എന്നു വച്ചു........”

Filed
Ex P1 in OS 1020/H
Civil Commissioner
14.2.62